## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 319 — 09.03.2015-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്.

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ :
" എ.റ്റി. ജോർജ് :
" അൻവർ സാദത്ത് :
" ജോസഫ് വാഴയ്ക്കൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്.<br>1. പെൻഷൻ ബാദ്ധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക.<br>2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധനനിക്ഷേപമാക്കി മാറ്റുക.<br>3. കെ.എസ്.ആർ.ടി.സി ബസുകളിലെ യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക. ടി സെസ് ഏർപ്പെടുത്തുന്നത് മുഖേന എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനും സെസ് ഇനത്തിൽ സമാഹരിക്കുന്ന തുക പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കാനുമാണ് ഉദ്ദേശിക്കുന്നത്.<br>4. ലാഭകരമല്ലാത്ത സർവ്വീസുകൾ പുനഃക്രമീകരിക്കുക.<br>5. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശനിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റി പ്രതിമാസ വായ്പ തിരിച്ചടവ് ഇനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കുക.<br>6. കോർപ്പറേഷന്റെ ആസ്തി മൂല്യം പുനർനിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുക. |
| (ബി) | പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജിന് G.O (Ms) No. 06/2014/Tran dt. 01.02.2014 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി. യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | 1. പെൻഷൻ ബാദ്ധ്യതയ്ക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ.<br>2. കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക മൂലധന നിക്ഷേപമാക്കി മാറ്റുക.<br>3. കെ.എസ്.ആർ.ടി.സി ബസുകളിലെ യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക.<br>4. ലാഭകരമല്ലാത്ത സർവ്വീസുകൾ പുനഃക്രമീകരിക്കുക.<br>5. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് പൊതുമേഖലാ ബാങ്കുകളിലേയ്ക്ക് കുറഞ്ഞ പലിശനിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റി പ്രതിമാസ വായ്പ തിരിച്ചടവ് ഇനത്തിലുള്ള ചെലവ് ഗണ്യമായി കുറയ്ക്കുക.<br>6. കോർപ്പറേഷന്റെ ആസ്തി മൂല്യം പുനർനിർണ്ണയിച്ച് വിപണി മൂല്യം വർദ്ധിപ്പിക്കുക. |

| | | | |
|---|---|---|---|
| (ഡി) | പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം ചുവടെ സൂചിപ്പിക്കുന്നു.<br>കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്ത 1300 കോടി രൂപയുടെ വായ്പതിരിച്ചടവ് ഇനത്തിൽ കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പയായ 1300 കോടി രൂപ മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Markets Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി നിയോഗിക്കുകയും ടി സ്ഥാനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് കെ.റ്റി.ഡി.എഫ്.സി വായ്പ ഏറ്റെടുക്കുന്നതിനായി നൽകി കഴിഞ്ഞു. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.<br>കോർപ്പറേഷന്റെ ആസ്തിമൂല്യം പുനർനിർണ്ണയം M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് നടത്തുകയും ടി സ്ഥാപനം സമർപ്പിച്ച മൂല്യനിർണ്ണയ റിപ്പോർട്ടിൻപ്രകാരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കളുടെ ആകെ മൂല്യം 3314.89 കോടി രൂപയായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇത് കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കാൻ ഉതകുന്നതാണ്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി ബസുകളിലെ യാത്രികരിൽ നിന്നും സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുന്നതിന് അനുമതി നൽകി ആക്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 'scheme' വിജ്ഞാപനം ചെയ്തശേഷം മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പുനരുദ്ധാരണ പാക്കേജിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറഞ്ഞ് ലാഭത്തിലേക്കെത്തുന്നതാണ്.<br>31.03.2014 വരെ കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ തുക സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുക വഴി കോർപ്പറേഷന്റെ വാർഷിക വരവ് ചെലവ് കണക്കിലെ നഷ്ടം ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ